(സി) കയറ്റുമതിക്കാർ.

(ഡി) 11/99 മുതൽ 24 മാസത്തവണകളായി കുടിശ്ശിക അടക്കുവാൻ സാവകാശം കൊടുത്തിട്ടുണ്ട്.

(ഇ) അതാത് സമയത്ത് നോട്ടീസ് അയച്ചു വിഹിതം അടക്കുന്നതിന് വേണ്ട നടപടികൾ എടുത്തു വരുന്നുണ്ട്.

7 (438) സഹകരണസ്ഥാപനങ്ങളിലെ നിയമനങ്ങൾ

<u>ശ്രീ. പി. പാലോട് രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിച്ച ഔദ്യോഗിക പ്രഖ്യാപനം വന്ന ശേഷം സംസ്ഥാന മത്സ്യഫെഡിൽ എത്ര ജീവനക്കാരെ ഇതുവരെ നിയമിച്ചിട്ടുണ്ട്;

(ബി) ഇതിൽ കോൺട്രാക്ട് അടിസ്ഥാനത്തിലുള്ള ജീവനക്കാർ എത്ര; ദിവസവേതന അടിസ്ഥാനത്തിലുള്ള ജീവനക്കാർ എത്ര; ഇവരുടെ പേരും ജോലി ചെയ്യുന്ന സ്ഥലവും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മത്സ്യഫെഡിൽ സ്ഥിര നിയമനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. കോൺട്രാക്ട് അടിസ്ഥാനത്തിൽ താൽക്കാലികമായി 34 പേരെ നിയമിച്ചിട്ടുണ്ട്. കൂടാതെ 66 പേരെ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതിന് താത്ക്കാലികമായി നിയോഗിച്ചിട്ടുണ്ട്.

(ബി) കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളവർ-34. ദിവസ വേതന അടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുള്ളവർ - 66.

കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളവരുടെ പേരു വിവരം അനുബന്ധം 1 ആയും ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചവരുടെ തസ്തികയും സ്ഥാപനവും അനുബന്ധം 11 ആയും ചേർത്തിട്ടുണ്ട്. ദിവസവേതന അടിസ്ഥാനത്തിൽ നിയോഗിക്കുന്നവർക്ക് പ്രത്യേക നിയമന ഉത്തരവ് നൽകാറില്ല.†

8 (440) കൊടുങ്ങല്ലൂർ മണ്ഡലത്തിലെ ഫിഷറീസ് റോഡുകൾ

<u>പ്രൊഫ. മീനാക്ഷി തമ്പാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിലെ മൂന്ന് ഫിഷറീസ് റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയോ;

(സി) ഇതിന്റെ പണി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിലെ കാരാബീച്ച് റോഡ്, കല്പ മംഗലം ബീച്ച് റോഡ്, ചാമക്കായ ബീച്ച് റോഡ് എന്നിവയുടെ പണികൾ പത്താം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഫിഷറീസ് റോഡ് പദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) തയ്യാറാക്കിയിട്ടുണ്ട്.

(സി) പരാമർശത്തിലുള്ള മൂന്ന് റോഡുകളുടെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു.

9 (445) ചെമ്മീൻ കൃഷി പദ്ധതി

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കലയിൽ ഓടയം കുരയ്ക്കണ്ണി ഭാഗത്ത് കൊഞ്ചുവ ളർത്തൽ കേന്ദ്രം ആരംഭിക്കുന്നതിന് എത്ര ഏക്കർ സ്ഥലം എന്തുവിലകൊടുത്ത് എന്നാണ് വാങ്ങിയതെന്ന് വ്യക്തമാക്കുമോ?

(ബി) പദ്ധതി പൂർത്തീകരിക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കാലതാമസം ഒഴിവാക്കി പദ്ധതി ഉടനെ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല നിയോജകമണ്ഡലത്തിൽ മത്സ്യത്തൊഴിലാളികേന്ദ്രങ്ങളിലേക്ക് എത്ര റോഡുകൾ നിർമ്മിച്ചിട്ടുണ്ടെന്നും അതിലേയ്ക്ക് എത്ര രൂപ ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(ഇ) വർക്കല നിയോജകമണ്ഡലത്തിൽ അനുവാദം ലഭിച്ചിട്ടുള്ള ഫിഷറീസ് മേഖലയിലെ എല്ലാ റോഡുകളുടെയും പണി ആരംഭിച്ച് പൂർത്തിയാക്കാൻ ആവശ്യമായ ഉത്തരവ് നൽകുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ വർക്കലയിൽ ഓടയം എന്ന സ്ഥലത്ത് കൊഞ്ചുവളർത്തൽ കേന്ദ്രം ആരംഭിക്കുന്നതിനായി 2.33 ഹെക്ടർ സ്ഥലം 86, 79,325 രൂപ വില നൽകി 21.3.96, 14.1.97, 26.2.99 എന്നീ തീയതികളിലായി 'അഡാക്ക്' ഏറ്റെടുത്തിട്ടുണ്ട്.

(ബി&സി) കുവൈറ്റ് ഫണ്ടിന്റെ ധനസഹായത്തോടെയും വിദേശ ഏജൻസികളുടെ സാങ്കേതിക സഹായത്തോടെയുമാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ കുവൈറ്റ് ഫണ്ടിന്റെ കാലാവധി 31.3.98-ൽ അവസാനിച്ചതിനാൽ തദ്ദേശ ഏജൻസികളുടെ സാങ്കേതിക സഹായത്തോടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും തുടർ നടപടികൾ "അഡാക്ക്" സ്വീകരിച്ചുവരികയുമാണ്.

(ഡി) ഫിഷറീസ് വകുപ്പ് മുഖേന നാലു റോഡുകളുടെ പണി പൂർത്തിയാക്കുകയും ഒരു റോഡിന്റെ പണി നടന്നുവരികയുമാണ്. പൂർത്തിയാക്കിക്കഴിഞ്ഞ റോഡുകൾക്കുവേണ്ടി 21,74,823 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly